# വൃത്തികേടിലാകുന്ന അവബോധം

ചീത്ത മുഴച്ചുനിൽക്കും. നന്ന് എന്ന് പറയിപ്പി ക്കാനാണ് ഏറെ പ്രാസം.

ഇത് വെറുതെ പറഞ്ഞതല്ല. കാര്യങ്ങൾ ആ രീതിയിലേക്കാണ് നീങ്ങുന്നത്.

മനസ്സും ബോധവും നന്നായെങ്കിൽ മാത്രമേ വൃത്തികേടുകളിൽ നിന്ന് ശരീരവും കർമ്മവും ശുദ്ധമാവുകയുള്ളൂ.

തന്റെ വൃത്തികേടുകൾ മറ്റുള്ളവരും സഹിക്കട്ടെ എന്ന ചിന്ത ആരോഗ്യകരമായ സമീപ നമല്ല. വൃത്തി വരുത്താത്ത സ്വന്തം ദന്തഗന്ധം മറ്റുള്ളവരുടെ മൂക്കിന് പഥ്യമാണെന്ന് വിചാരിക്കുന്നത് പ്രയാസങ്ങൾ ഉണ്ടാക്കും.

പൊതുജനം ഉപയോഗിക്കുന്ന പൊതുവഴിയിൽ നിക്ഷേപ്പിക്കുന്ന മാലിന്യത്തെക്കുറിച്ചാണ് പറ ഞ്ഞുവരുന്നത്. അടുത്ത കാലത്ത് കണ്ടുവരുന്ന പ്രവണതയല്ല ഇത്. പക്ഷേ, അതൊരു അക്രമാസ ക്തമായ പ്രതികരണത്തിലേക്ക് നീങ്ങിയത് രണ്ടു ദിവസം മുമ്പ് മാത്രമാണ്. കോഴിക്കോട്ടെ ഒരു ഹോട്ടലിലെ സെപ്റ്റിക് ടാങ്കിലെ മാലിന്യം എടുത്ത് തന്റെ പറമ്പിൽ കുഴിച്ചു മൂടാമെന്ന കണ്ടീഷനിൽ കരാറെടുത്ത വിരുതൻ ചെയ്തത് മാലിന്യമത്രയും റോഡരികിൽ വിതറുകയായിരുന്നു. ഒരു യുവജന രാഷ്ട്രീയ സംഘടനയാണ് അതിനെതിരെ കാര്യമായി പ്രതികരിച്ചത്. സെപ്റ്റിക്ടാങ്കിലെ മാലിന്യം റോഡരികിൽ വിതറുന്നതിലെ ഔചിത്യമില്ലായ്മ എത്രമാത്രം നമുക്കുണ്ടെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

കോഴിക്കശാപുകാരാണ് ഈ മേഖലയിലെ പ്രധാന പ്രയാസം. അവരെ സംബന്ധിച്ചിട ത്തോളം അത് പൊതുവഴിയിൽ തള്ളുന്നതിനെക്കാൾ ദോഷമുണ്ടാക്കുന്നതാണ് സ്വന്തം പറമ്പിൽ കുഴിയെടുത്ത് അതിൽ നിക്ഷേപിക്കുന്നത്.

മനസ്സിലെ മാലിന്യമാണിത്. കാര്യങ്ങൾ എങ്ങനെയെങ്കിലും നടന്നാൽ മതി, അത് സ്വന്ത ത്തിന് പ്രയാസമുണ്ടാക്കുന്ന വിധത്തിലാകരുത് എന്നീ ചിന്തകൾ സ്വാർഥമാണ്. ജീവന്റെയും ആരോഗ്യത്തിന്റെയും നേരെ നടത്തുന്ന കൈയേറ്റമാണത്.

സ്വന്തം ആരോഗ്യത്തെ സംരക്ഷിക്കുന്നതുപോലെ മറ്റുള്ളവരുടെ ആരോഗ്യകാര്യത്തിലും ശ്രദ്ധ ആവശ്യമാണ്. പൊതുജനങ്ങൾക്ക് അതില്ല എന്ന കാര്യം പോകട്ടെ ഭരണകൂടവും ഇത്തരം വൃത്തികേടുകളെ കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കാറുമില്ല. പലപ്പോഴും കൈമട ക്കിന്റെ നിഴലിൽ കണ്ണടക്കുകയാണ് അവരൊക്കെ ചെയ്യുന്നത്. പൊരുതിമുട്ടുന്നതാകട്ടെ പൊതുജ നവും.

പൊതുജനം എല്ലാം സഹിക്കാൻ വിധിക്കപ്പെട്ടവരാണ്. സ്വാധീനമുള്ളവരാണ് ഇവിടെ ജീവി ക്കുന്നത്. കാരണം, ദരിദ്രനായ പൊതു പൗരന്റെ മുമ്പിൽ കാർകാശ്യം കാട്ടുന്ന നിയമപാലകരും ഭരണകർത്താക്കളുമൊക്കെ പണത്തിന്റെ മുമ്പിൽ കവാത്ത് മറക്കുന്നവരാണ്. ഇക്കഴിഞ്ഞ ദിവസ ങ്ങളിൽ പാർലമെന്റിൽ നാം കണ്ടതും അതല്ലേ? ഭാരതത്തിലെ എത്ര കോടി ജനങ്ങളെയാണവർ അപഹസിച്ചത്?

കെടുകാര്യസ്ഥതയെയും മറ്റുള്ളവർ ചെയ്യുന്ന വൃത്തികേടുകളെയും തിരുത്താനോ അതി നെതിരെ പ്രതികരിക്കാനോ കഴിയാത്തവരല്ല പൊതുജനം. പക്ഷേ, അപ്പോഴായിരിക്കും നിയമം ഉണർ ന്നെഴുന്നേൽക്കുക. അതിനാൽ തന്നെ രോഷം ഉള്ളിലൊതൊക്കി കഴിഞ്ഞുകൂടാനാണ് സാധാര ണക്കാർ ചെയ്യുക. എന്നാൽ പൊതുജനങ്ങളുടെ അരാഷ്ട്രീയ കൂട്ടായ്മക്ക് ഇത്തരം വൃത്തികേടുകൾ ക്കെതിരെ കാര്യക്ഷമമായി പ്രതിരോധിക്കാനും തങ്ങളുടെ നാടിനെ മാലിന്യത്തിൽനിന്നും അതുവഴി രോഗങ്ങളിൽ നിന്നും മുക്തമാകാനും സാധിക്കും.

മാലിന്യം വസ്ത്രത്തിൽനിന്നും ശരീരത്തിൽ നിന്നും മാറ്റിയെടുക്കാം. പക്ഷേ, മനസ്സിൽനിന്ന് മാറ്റാൻ അൽപം പ്രയാസമുണ്ട്. മാനുഷിക പ്രതിപത്തിയും ആത്മീയ ചിന്തയുമില്ലാതെ ചെയ്യാൻ കഴിയുന്ന കാര്യമല്ല അത്.

സ്വന്തം വൃത്തിയും പുരോഗതിയും മാത്രം ആശിക്കരുത്. മറ്റുള്ളവരുടെ കാര്യവും പരിഗണി ക്കണം. അത് സംസ്കാരത്തിന്റെ ഭാഗമാണ്.

ഉത്തമമായ സംസ്കാരത്തിനു മാത്രമേ മറ്റുള്ളവരെ കൂടി പരിഗണിച്ചു ജീവിക്കാനുള്ള ഗുണ കാംക്ഷാബോധം മനസ്സിൽ ഉണ്ടാക്കുകയുള്ളു. അതിന്റെ അഭാവത്തിൽ ചെയ്യുന്നതെല്ലാം നല്ലതായേ തോന്നുകയുള്ളു. അത് എത്ര വൃത്തികെട്ടതായാലും ശരി.

പ്രവാചകൻ മുഹമ്മദ് പറഞ്ഞത് എത്ര ശരി: നിനക്ക് നാണമില്ലെങ്കിൽ നിനക്ക് ഇഷ്ടമുള്ള തൊക്കെ ചെയ്യാം.